അമെന്റുമെന്റ് സമർപ്പിച്ചിരിക്കുന്ന അതേ അമെന്റുമെന്റുണ്ടെങ്കിൽ അത് ഒഫിഷ്യൽ അമെന്റുമെന്റായി കൊണ്ടുവരാൻ പാടില്ലെന്ന് ചെയറിന്റെ ഭാഗത്തുനിന്നും റൂളിംഗ് ഉണ്ടായിട്ടുണ്ട്. പല പ്രാവശ്യം ഈ സഭയിൽ ഉണ്ടായിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കെ. എം. മാണി എത്ര ചെറിയ അമെന്റുമെന്റായിരുന്നാലും അത് അദ്ദേഹത്തിന്റെ പറ്റിലിരിക്കണമെന്ന നിർബന്ധത്തോടുകൂടി നിയമനിർമ്മാണ വേളയിൽ ഒഫിഷ്യൽ അമെന്റുമെന്റായി കൊണ്ടുവരുകയെന്നുള്ളത് ചെയറിൽ നിന്നുണ്ടായിട്ടുള്ള റൂളിംഗിനെതിരെയുള്ള മോശമായ പ്രതിഫലനമാണ്. മന്ത്രി അവതരിപ്പിച്ച അതേ അമെന്റുമെന്റ് വേറെ വന്നിട്ടുണ്ട്. ഇത് മേലിൽ ഒരു കീഴ്‌വഴക്കമാക്കരുത്.

## IX റൂളിംഗ്

മി. സ്പീക്കർ: അംഗങ്ങളുടെ ഭേദഗതിക്കുശേഷം ബഹുമാനപ്പെട്ട മന്ത്രി അമെന്റുമെന്റ് കൊണ്ടുവരുന്നത് ആരോഗ്യകരമല്ല എന്നു പറഞ്ഞത് ശരിയാണ്. ഇത് അംഗങ്ങളുടെ ഭേദഗതിക്ക് മുമ്പെതന്നെ കൊണ്ടുവരാം. കാരണം മന്ത്രി ഔദ്യോഗികമായി കൊല്ലത്തിന്റെ വ്യത്യാസം അറിഞ്ഞില്ലെന്ന് പറഞ്ഞാൽ അത് ഗവൺമെന്റിനും മന്ത്രിക്കും മോശമായ കാര്യമല്ലേ.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ 84-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

5.00 p.m.] In Section 7E of the Principal Act proposed to be inserted by clause 3 delete the words "Four hectares" and insert the words "One hectare".

സർ, ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഇവിടെ വിശദീകരിച്ചപ്പോൾ 11487 ഏക്കർ ഭൂമിയുണ്ടെന്നും 6202 കൈവശക്കാരുമുണ്ടെന്നും പറഞ്ഞു. ഞങ്ങൾ ഇവരെയെല്ലാം ഒഴിപ്പിക്കണമെന്നല്ല പറഞ്ഞത്. അവരെ സംരക്ഷിക്കണമെന്നുതന്നെയാണ് ആവർത്തിച്ച് പറഞ്ഞത്. അതുകൊണ്ടുതന്നെയാണ് LDF ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന റവന്യൂ വകുപ്പുമന്ത്രിയാണ് ഈ നിയമഭേദഗതി ഇവിടെ ആവർത്തിച്ചാവർത്തിച്ച് കൊണ്ടുവന്നത്. ഇവർക്ക് സംരക്ഷണം കൊടുക്കണമെന്ന ഉദ്ദേശത്തോടു കൂടിത്തന്നെയാണ് ഇത് കൊണ്ടുവന്നത്. കേരളത്തെ മുഴുവൻ ബാധിക്കുന്ന ഭൂപരിഷ്കരണ നിയമത്തിനെ തകർക്കുന്നവിധം വലിയ ഒരു ഭേദഗതിയിലേക്ക് നിങ്ങൾ പോകുന്നതുകൊണ്ട്, വളരെ ആലോചനകളും ചർച്ചകളും വേണമെന്നതുകൊണ്ടാണ് ഈ എതിർപ്പ് പ്രകടിപ്പിക്കുന്നത്. ഇത്തരമൊരു ഭേദഗതി കൊണ്ടുവരുമ്പോൾ വളരെ ചർച്ച കളും ആലോചനകളും വേണം. ആൾ പാർട്ടി മീറ്റിംഗിൽ ഞങ്ങളെല്ലാപേരും ഒരുപോലെ പറഞ്ഞത് ഇതിന്റെ പരിധിയെ സംബന്ധിച്ചുതന്നെയാണ്. അതുകൊണ്ട് ഈ വിശദീകരണം കേട്ടതിനുശേഷവും നാല് ഹെക്ടർ എന്നുള്ളതിൽ ആശങ്കയുണ്ട്. ഒരു ഹെക്ടർ, ഒന്നര ഹെക്ടർ, രണ്ട് ഹെക്ടർ എന്ന് പല ഭേദഗതികളുമുണ്ട്. ഏതാണെന്ന് നമ്മൾ തീരുമാനിച്ച് പറയും. ഇതിനെക്കുറിച്ച് വിശദീകരിച്ചപ്പോഴും ഇതിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് പറഞ്ഞിട്ടില്ല. ഏതൊക്കെ സ്ഥലങ്ങളാണ് 11487 ഏക്കർ ഭൂമി ഉൾപ്പെടുന്നത്, ഏതൊക്കെ താലൂക്കുകളിലാണ് ഈ സ്ഥലം. അറിയാൻ വേണ്ടിയാണ് ചോദിക്കുന്നത്. 6202 പേർ. കുറച്ച് കൃഷിക്കാരേയുള്ളു, അവരെ സംരക്ഷിക്കണം. ഈ നിയമത്തിന്റെ സംരക്ഷണം കിട്ടുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമഗ്രമായ ഭൂപരിഷ്ക്കരണ നിയമത്തിൽ കൊണ്ടുവരുന്ന ഭേദഗതിയായതുകൊണ്ട് വളരെ ആലോചനകളും ചർച്ചകളും ആവശ്യമുള്ളതുകൊണ്ടാണ് ഞങ്ങൾ ഈ ഭേദഗതികൾ കൊണ്ടുവന്നത്. അല്ലാതെ പുകമറ സൃഷ്ടിക്കാനല്ല. ശ്രീ. കെ.സി. ജോസഫ് ആവർത്തിച്ചാവർത്തിച്ച് പുകമറ പുകമറ എന്നു പറയുന്നുണ്ടായിരുന്നു ഇത് പുകമറയുടെ പ്രശ്നമല്ല. അവരെ സംരക്ഷിക്കാൻ വേണ്ടിതന്നെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത് കൊണ്ടുവന്നത്. അതുകൊണ്ട് ആശങ്ക പ്രകടിപ്പിച്ചു കൊണ്ടാണ് ഈ ഭേദഗതി അവതരിപ്പിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, എനിക്ക് 85, 94, 101 എന്നീ ഭേദഗതികളുണ്ട്. അത് ഒന്നാക്കി എടുക്കാം. അതാണ് ഏറ്റവും ഈസി. ഈ വകുപ്പുമായി ബന്ധപ്പെട്ട മൂന്ന് ഭേദഗതി ഒരുമിച്ചെടുത്താൽ ശല്യം ഒഴിവാകുമല്ലോ.

മി. സ്പീക്കർ : ശ്രീ. എ. കെ. ബാലൻ ഒരു ശല്യമായിട്ട് കണക്കാക്കിയിട്ടില്ല. ഓർഡറനുസരിച്ച് സമയം തരാം.............ശ്രീ. മത്തായി ചാക്കോ.

ശ്രീ. മത്തായി ചാക്കോ : സർ, ഞാൻ എന്റെ 88, 95, 100 എന്നീ ഭേദഗതികൾ മൂവ് ചെയ്യുന്നു.

(88) In Section 7E of the principal Act proposed to be inserted by for the words "not exceeding four hectares" substitute the words "not exceeding two hectares".

(95) In Section 7E of the principal Act proposed to be inserted by Clause 3 delete the words "or otherwise".

(100) In Section 7E of the Principal Act proposed to be inserted by Clause 3 for the words "and a date of commencement of the Kerala Land Reforms (Second Amendment) Act, 2004" "substitute the words" "and 1st day of January 1970".

88-ാം നമ്പർ ഭേദഗതി ഇവിടെ ഞങ്ങൾ പ്രകടിപ്പിച്ചതുപോലെയുള്ള ആശങ്ക തുടർന്നും പ്രകടിപ്പിക്കുകയാണ്. നേരത്തെ ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചപ്പോൾ "by way of purchase or otherwise" എന്ന് അതിൽ "or otherwise"-ന് ഇപ്പോഴുള്ള റിസർവേഷൻ ഞങ്ങൾ തുടരുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുകയാണെങ്കിൽ ഞാൻ അതിന് ഒരു മാർഗ്ഗം നിർദ്ദേശിക്കാം. ഒറിജിനൽ ആക്ടിൽ ഈ കാര്യങ്ങൾ പരാമർശിച്ചുകൊണ്ട് പറയുന്നിടത്ത് by way of partition or otherwise വരാൻ സാദ്ധ്യതയുള്ളത് എന്താണെന്ന് ഡിഫൈൻ ചെയ്താൽ പ്രശ്നമില്ലല്ലോ. അതിൽ ഒരു നിർദ്ദേശമുള്ളത് by way of partition എന്നാക്കാം എന്നത് ഉൾപ്പെടുത്തണം or on account of natural love and affection ഈ രണ്ടെണ്ണം വച്ചാൽ ക്ലിയറായി. അത് ഉൾപ്പെടുത്താൻ പറ്റുമെങ്കിൽ ഉൾപ്പെടുത്തണം. അതുപോലെ ഭൂമിയുടെ പരിധി സംബന്ധിച്ച് not exceeding four hectares എന്നുള്ളത് that may be substituted by the word not exceeding" two hectares എന്നാക്കി മാറ്റണം എന്നതാണ്.

ശ്രീ. വി.ഡി. സതീശൻ : സർ, ഞാൻ എന്റെ 96-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 3 of 17

In Section 7E of the principal Act proposed to be inserted by Clause 3 after "on payment of consideration" add the words "or by way of love and affection".

ശ്രീ. പി. ജെ. ജോയി : സർ, ഞാൻ എന്റെ 97-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

In Section 7E of the principal Act proposed to be inserted by Clause 3 for the words "date of the commencement of the Kerala Land Reforms Act, 1963 (1 of 1964)" substitute the words "date of publication of the Kerala Land Reforms Bill, 1963 in the Gazette".

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞാൻ എന്റെ 98-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

In Section 7E of the principal Act proposed to be inserted by Clause 3 for the words "and a date of commencement of the Kerala Land Reforms (Second Amendment) Act, 2004" substitute the words "and 1st day of January, 1991".

ഇതിൽ 3-ാം വകുപ്പ് അനുസരിച്ച് 7(ഇ) എന്ന ഒരു പുതിയ വകുപ്പ് ഭൂപരിഷ്കരണ നിയമത്തിൽ കൂട്ടിച്ചേർക്കുകയാണ്. ഇതിൽ എനിക്ക് ഒരു കാര്യം പറയാനുള്ളത്, 63-ലെ നിയമം പ്രാബല്യത്തിൽ വന്ന ദിവസം മുതൽ ഇന്നുവരെയുള്ള ഇത്തരത്തിലുള്ള എല്ലാ മിച്ചഭൂമി കൈമാറ്റത്തെയും അതുവഴി സാമൂഹികതയേയും എന്ന് പറഞ്ഞിരിക്കുന്നു. ഇതാണ് ഇതിനകത്ത് പതിയിരിക്കുന്ന ആപത്ത്. ഈ ബില്ലും അതുപോലെ ഇനി ഒരു ബിൽ വരാൻ പോവുകയാണ്. അത് ഭൂപരിഷ്കരണ ഭേദഗതി ബില്ലാണ്. അതുകൂടി പാസ്സാക്കപ്പെടുമ്പോൾ രണ്ടുംകൂടി വച്ച് നോക്കുമ്പോൾ ഉണ്ടാകാവുന്ന അപകടമാണ് ഞങ്ങളുടെ ഇപ്പോഴത്തെ എതിർപ്പിനു കാരണം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ യോഗം ചേർന്നപ്പോൾ ഞങ്ങൾ ഒരു നിലപാട് എടുത്തു. രണ്ടു ഹെക്ടർ നാല് ഹെക്ടർ എന്നുള്ള തർക്കം ഉണ്ടായത് ശരിയാണ്. പക്ഷേ ഇപ്പോൾ വന്നിരിക്കുന്ന വേറൊരു ബിൽ സർക്കുലേറ്റ് ചെയ്തതുകൂടി നോക്കുമ്പോൾ ഞങ്ങൾക്ക് എതിർക്കാനാണ് തോന്നിയത്. വരാൻ പോകുന്ന ബില്ലിൽ കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽനിന്നും ഒഴിവാക്കികൊണ്ടുവന്നിരിക്കുകയാണ്. മിച്ചഭൂമിയായി കണ്ടെത്തിയിട്ടുള്ള ഭൂമി അത് സർക്കാർ ഏറ്റെടുത്തിട്ട് പാവപ്പെട്ട കർഷക തൊഴിലാളികൾക്കും ഭൂരഹിതർക്കും കൊടുക്കേണ്ടതാണ്. അതിനുപകരം ഈ ഭൂമി ഇത്തരത്തിൽപ്പെട്ട ആളുകൾക്ക് എല്ലാം നാല് ഹെക്ടർ എന്ന രീതിയിൽ കൊടുക്കുന്നതു കൊണ്ടുണ്ടാകുന്ന ഒരു അപകടമാണ് ഞങ്ങളുടെ ഈ എതിർപ്പിനു കാരണം. അതുപോലെ ഈ ബിൽ പാസായി ഗവർണ്ണറുടെയോ പ്രസിഡന്റിന്റേയോ അംഗീകാരം ലഭിച്ച് ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി വരെയുള്ള എല്ലാ പ്രമാണങ്ങൾക്കും കയ്യേറ്റത്തിനും അതുപ്രകാരം നിയമസാധുത ലഭിക്കും. ഇതാണ് ഈ മൂന്നാം വകുപ്പ്. ഇത് സഭ പാസ്സാക്കിയാൽതന്നെ ഈ ബില്ലിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടണം. ഭൂപരിഷ്കരണ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പ്പെടുത്തിയതാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിക്കുന്നതിന് വളരെ കാലതാമസം ഉണ്ടാകാം. അതുവരെയുള്ള കാലംകൂടി ഇത്തരം കള്ളപ്രമാണങ്ങൾ ചമയ്ക്കാനും

LIBRARY ARCHIVES Kerala Legislative Assembly

കയ്യേറ്റം നടത്താനുമുള്ള അവസരം നൽകും, date of commencement of the Act എന്ന് പറഞ്ഞിട്ടുള്ളത് ഈ ഉദ്ദേശത്തിലാണ്. അതുകൊണ്ട് ഇതിന് ഒരു കട്ട് ഓഫ് ഡേറ്റ് വയ്ക്കണമെന്നാണ് ഞാൻ പറയുന്നത്. 1-1-1991-ന് ഒരു കട്ട് ഓഫ് ഡേറ്റായിട്ട് വയ്ക്കണം. ഇല്ലെങ്കിൽ ഏതെങ്കിലും ഒരു പഴയ ഡേറ്റ് കൊടുത്താലും മതി. അത് എന്നാണെന്നുള്ളത് നമുക്ക് പിന്നീട് ചർച്ച ചെയ്ത് തീരുമാനിക്കാം. അത്തരത്തിൽ ഒരു വ്യവസ്ഥ വന്നില്ലെങ്കിൽ ഇനിയും കയ്യേറ്റം നടക്കും. ഈ ബില്ലിന് പ്രസിഡന്റിന്റെ അംഗീകാരം കിട്ടുന്നതു വരെയുള്ള എല്ലാ പ്രാബല്യവും കിട്ടുന്ന സ്ഥിതിവിശേഷം വരും. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ 6,202 പേർക്ക് കിട്ടുമെന്ന പറഞ്ഞു. വടക്കേക്കളത്തിൽ 600 കൃഷിക്കാർ മാത്രമേയുള്ളു. അപ്പോൾ വടക്കേകളത്തിലുള്ള 600 കൃഷിക്കാരെ രക്ഷിക്കാൻവേണ്ടി കൊണ്ടുവന്ന നിയമം, ഇത് നടപ്പാക്കിവരുന്ന സമയത്ത് അത് ആറായിരമായിട്ട് മാറുന്നു. ഇതാണ് ഞങ്ങൾക്കുള്ള ആശങ്ക. ഇപ്പോൾത്തന്നെ പന്ത്രണ്ടായിരത്തോളം ഏക്കർ വരുന്ന മിച്ചഭൂമി, മിച്ചഭൂമിയല്ലാതായി മാറുകയാണ്. അപ്പോൾ ഇത് ലാഘവത്തോടുകൂടി കൈകാര്യം ചെയ്യേണ്ടതല്ല. ഭൂപരിഷ്കരണ നിയമത്തിലെ ഓരോ വകുപ്പും വളരെ ചർച്ച ചെയ്ത് തയ്യാറാക്കിയതാണ് എന്നുള്ളതുകൊണ്ട് ഇത് നിസ്സാരമായിട്ട്, ഒരു ദോശ ചുട്ടെടുക്കുന്നതുപോലെ, പാസ്സാക്കിയെടുക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇത്തരത്തിൽ ആശങ്ക പ്രകടിപ്പിക്കുന്നത്. പാവപ്പെട്ട ആദിവാസികളെ ലക്ഷ്യം വച്ചുകൊണ്ടാണ് ഭൂമി വിതരണം ചെയ്യാൻ തീരുമാനിച്ചത്. വടക്കേക്കളത്തെ കൃഷിക്കാരെ രക്ഷിക്കാൻ എന്നുള്ള കാര്യത്തിൽ അപ്പുറത്തുള്ളവർക്കും ഇപ്പുറത്തുള്ളവർക്കും ഏക മനസ്സാണ്. അതിനകത്തു നിന്നുകൊണ്ട് നമുക്ക് ഈ നിയമം കൊണ്ടുവരാൻ സാധിക്കണം. നമ്മുടെ സംസ്ഥാനത്തിലെ മിച്ചഭൂമിയാകെ നഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള ഭേദഗതിയാക്കി മാറ്റാൻ പാടില്ല.

ശ്രീ. ടി. കെ. ദേവകുമാർ : സർ, ഞാൻ എന്റെ 99-ാം നമ്പർ ഭേദഗതി മൂവ് ചെയ്യുന്നു.

In Section 7E of the principal Act proposed to be inserted by Clause 3 for the words "and a date of commencement of the Kerala Land Reforms (Second Amendment) Act, 2004" substitute the words "and 1st day of January, 1987".

ശ്രീ. കെ. സി. ജോസഫ് ഇവിടെ ഒരു പ്രയോഗം നടത്തി. പുകമറ സൃഷ്ടിച്ച് ആടിനെ പട്ടിയാക്കരുത്. എനിക്ക് ബഹുമാനപ്പെട്ട ശ്രീ. കെ. സി.യോടും മാണി സാറിനോടും അഭ്യർത്ഥിക്കാനുള്ളത് വടക്കേക്കളംപോലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം. 'സൂചി കയറ്റാനുള്ള വിടവിലൂടെ തൂമ്പാ കയറ്ററുത്' എന്നാണ് എനിക്ക് ആമുഖമായി അഭ്യർത്ഥിക്കാനുള്ളത്. നിങ്ങൾ ഇപ്പോൾ അതിനുവേണ്ടിയാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ പ്രകടിപ്പിച്ച ആശങ്കയുടെ ആകെ തുകയാണ് ഞാൻ ഇവിടെ പറഞ്ഞത്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചലഞ്ച് ചെയ്യാൻ ഇരുന്നതാണ്. മുഖ്യമന്ത്രി എന്നെ ചലഞ്ച് ചെയ്തു. ഹൈലെവൽ കോൺഫറൻസിന്റെ മിനിറ്റ്സിൽ സുനാമിയുമായി ബന്ധപ്പെട്ട് മാണിസാർ ഇവിടെ പറഞ്ഞത് ഒരക്ഷരം സത്യമുണ്ടോ എന്ന് നിങ്ങൾ പരിശോധിക്കണം. കഴിഞ്ഞ ദിവസം ശ്രീ. കെ. സി. വേണുഗോപാലിന്റെ സാന്നിദ്ധ്യത്തിൽ ആലപ്പുഴയിൽ കൂടിയ ഹൈലെവൽ കോൺഫറൻസിൽ ദേവകുമാർ പറഞ്ഞതിൽ വരവണ്ണം തെറ്റുണ്ടോ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിക്കണം. സൂചി കയറാനുള്ള വിടവിൽകൂടി തുമ്പാ കയറിപോകുമോ എന്ന സംശയമുണ്ട്. അത് പരിഹരിച്ചാൽ മതി. വടക്കേക്കളത്തിൽ ഭൂമി കൈവശമുള്ളവർക്ക് ഭൂമി കിട്ടരുതെന്നൊന്നും പറയുന്നില്ല. അതിന് ഒരു കട്ട് ഓഫ് ഡേറ്റ് വേണം. ഈ ബിൽ പ്രാബല്യത്തിൽ വരുന്ന ദിവസംവരെ കയ്യേറിയതോ കൈവശം ഉള്ളതോ ആണെങ്കിൽ കുടിയേറിയതായി കരുതപ്പെടുന്നു. അതായത് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ തീയതിക്കും ഈ ബിൽ പ്രാബല്യത്തിൽ വരുന്ന തീയതിക്കും ഇടയ്ക്കുള്ള എല്ലാ കയ്യേറ്റങ്ങളും സംരക്ഷിക്കുന്നതാണ് ഈ വ്യവസ്ഥ. അതിന് ഒരു കട്ട് ഓഫ് ഡേറ്റ് ഉണ്ടാകണമെന്ന് പറഞ്ഞു. ഞാൻ പറയുന്നത് 1987 ജനുവരി 1 എന്നാണ്. അതിനെക്കുറിച്ച് നമുക്ക് പിന്നീട് യോജിച്ച് തീരുമാനിക്കാം. അത്തരത്തിലുള്ള ഒരു വ്യവസ്ഥ നിയമത്തിൽ ഉണ്ടാകണം. രണ്ടര ഹെക്ടർ എന്ന് ഒരു ഭേദഗതി പറഞ്ഞു. 10 ഏക്കർ എന്ന് പറയുമ്പോൾ 10 ഏക്കർ കൈവശമുള്ള ആളുകളെ ലക്ഷ്യമാക്കി യിട്ടുള്ളതാണ്. ഇപ്പോൾ ഉണ്ടായിരിക്കുന്ന ഈ അവ്യക്തത പരിഹരിക്കാനും ഇതിനകത്ത് വ്യക്തമായ കാര്യങ്ങൾ ഉണ്ടാകാനുമുള്ള ഒരു അവസരം ഉപയോഗിച്ചുകൊണ്ട് മിച്ചഭൂമി മുഴുവൻ തിരിമറി നടത്താനുള്ള ഒരു അവസരം ഈ ബില്ലിൽ ഉണ്ടാകരുത്. ആദിവാസികൾക്കും കർഷക തൊഴിലാളികൾക്കും ലഭ്യമാകേണ്ട മിച്ചഭൂമിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ആ മിച്ചഭൂമിയെക്കുറിച്ച് സർക്കാരിന് തെറ്റായ വിവരം കൊടുത്തിട്ട് യഥാർത്ഥ മിച്ചഭൂമി തിരിമറി നടത്തി വഞ്ചിക്കപ്പെട്ട പാവപ്പെട്ടവരെ സംരക്ഷിക്കാനുള്ള പരിശ്രമത്തിൽ ആദിവാസികൾക്കും കർഷകത്തൊഴിലാളികൾക്കും കിട്ടേണ്ട ഭൂമി ഇല്ലാതാകുന്ന രൂപത്തിലേക്ക് ആകരുത്. ഈ ആശങ്ക പരിഹരിച്ചുകൊണ്ടുവേണം ഈ ബിൽ പാസ്സാക്കാൻ.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എന്റെ 85, 94, 101 എന്നീ നമ്പർ ഭേദഗതികളായിരുന്നു കൊണ്ടുവന്നത്.

മി. സ്പീക്കർ: ഭേദഗതികൾ മൂവ് ചെയ്യേണ്ട. മറ്റ് ഭേദഗതികൾക്ക് സമാനമായതിനാൽ മൂവ് ചെയ്യേണ്ടതില്ല. സംസാരിക്കാം.

ശ്രീ. എ. കെ. ബാലൻ: ഇതിൽ ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കേണ്ടത് കേരളത്തിൽ ഗവൺമെന്റിന്റെ കൈയിലുള്ള ഭൂമിയെല്ലാം ഇപ്പോൾ പോയിക്കൊണ്ടിരിക്കുകയാണ്. ഈ നിയമം ഇവിടെ പാസ്സാകുന്നതോടുകൂടി മിച്ചഭൂമി പരിപൂർണ്ണമായും ഇല്ലാതാകും. ഗവൺമെന്റിന്റെ കണക്കുപ്രകാരം തന്നെ 11,487 ഏക്കർ ഭൂമി നഷ്ടപ്പെട്ടിരിക്കുകയാണ്. 1964-ൽ പാസ്സാക്കിയിട്ടുള്ള ഒരു നിയമം ഇപ്പോൾ 40 വർഷം കഴിയുകയാണ്. 40 വർഷത്തിനിടയിൽ ഇല്ലീഗൽ ട്രാൻസാക്ഷൻ നടന്നിട്ടുള്ള എല്ലാ ട്രാൻസാക്ഷനും വാലിഡിറ്റി കൊടുക്കണമെന്ന് എന്താണ് നിർബന്ധം. ഒരു നിയമം പാസ്സാക്കുന്ന സമയത്ത് പാവപ്പെട്ട ഇല്ലിറ്ററേറ്റായിട്ടുള്ള ഒരാൾക്ക് നിയമം ഉണ്ടല്ലോ എന്നുവിചാരിച്ച് ചിലപ്പോൾ ഭൂമി വാങ്ങിയിട്ടുണ്ടാകും. അതൊരു പത്തോ, പതിനഞ്ചോ, ഇരുപതോ കൊല്ലം ആണെങ്കിൽ മനസ്സിലാക്കാം. ഇന്നലെവരെ നടന്ന ഈ നിയമം പാസാകുന്നതുവരെ നടക്കുന്ന ഈ ഇല്ലീഗൽ ട്രാൻസാക്ഷനൊക്കെ തന്നെ നിയമത്തിന്റെ മുമ്പിൽ വാലിഡിറ്റി കൊടുക്കണമെന്നു പറഞ്ഞുകഴിഞ്ഞാൽ ഒരു സാമാന്യബുദ്ധി ഉപയോഗിച്ചുകൊണ്ട് അത് പാടില്ല. ഒരു പത്തു കൊല്ലത്തേക്കോ, ഇരുപതു കൊല്ലത്തേക്കോ കൊടുക്കട്ടെ. ഒരു കോമൺസെൻസ് വച്ച് നോക്കിയാൽ തന്നെ നമുക്കിത് കൊടുക്കാൻ പറ്റുന്നതല്ലല്ലോ? എന്താ ഇവിടെ നടന്നിരിക്കുന്നത്.

1971-ലെ Kerala Private Forest (Vesting and Assignment) Act വന്നതിനുശേഷം പോലും 1768 കേസിൽ 27,080 ഏക്കർ ഭൂമി നമുക്ക് മുതലാളിമാർക്ക് വിട്ടുകൊടുക്കേണ്ടി വന്നു. ഇനിയിപ്പോൾ ഈ ഭൂമിയിൽ കശുവണ്ടി എക്സംപ്ഷൻ കൊടുക്കുകയാണ്. എവിടെയാ കേരളാ ഗവൺമെന്റിന്റെ കൈയിൽ ഇപ്പോൾ ഭൂമിയുള്ളത്? ഈ പാവപ്പെട്ട ആദിവാസികൾക്ക് ഒരിഞ്ചു ഭൂമി നമുക്ക് ഇപ്പോൾ കൊടുക്കാൻ പറ്റുന്നുണ്ടോ? ഒരു പത്തു സെന്റ് ഭൂമി നമുക്ക് കൊടുക്കാൻ പറ്റുന്നുണ്ടോ? അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ് 40 വർഷത്തെ ഒരു ഡ്യൂറേഷൻ ഒരു പരിതഃസ്ഥിതിയിലും ഈ നിയമവിരുദ്ധമായ പ്രവർത്തനത്തിന് സഹായകമായി ഉപയോഗിച്ചുകൂടാ. അതുകൊണ്ട് 10 വർഷം 1964-നു ശേഷം 1970 ജനുവരിവരെയുള്ള ഒരു കാലഘട്ടത്തിൽ ഇഗ്നോറന്റായിട്ടുള്ള ഒരു ആൾക്ക് ഒരു ആറ് കൊല്ലം മതി. അതുകൊണ്ട് 'കട്ട് ഓഫ് ഈയർ' നിർബന്ധമായും ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ വെറുതെ തെറ്റിദ്ധാരണയുണ്ടാക്കുകയാണ്. എല്ലാ ഇല്ലീഗൽ ട്രാൻസാക്ഷനും ഇവിടെ റഗുലറൈസ് ചെയ്യുന്നില്ല. ഈ ബില്ലിന്റെ പെർവ്യൂവിനകത്തുള്ള കബളിപ്പിക്കപ്പെട്ട മിച്ചഭൂമി ഒപ്പിട്ടു വാങ്ങിയ കൃഷിക്കാരെ മാത്രമേയുള്ളൂ, അല്ലാതെ എല്ലാ ഇല്ലീഗൽ ട്രാൻസാക്ഷൻസും ഇല്ല. 84 മുതൽ 91 വരെയുള്ള ഭേദഗതികൾ സ്വീകരിക്കാൻ പറ്റുകയില്ല. കാരണം, അത് നാല് ഹെക്ടർ കുറയ്ക്കാൻ വേണ്ടിയാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം അവർക്കുതന്നെ ഇക്കാര്യത്തിൽ ഒരു കൺസിസ്റ്റൻസി ഇല്ല. ആർ.എസ്.പി. മെമ്പർ കോവൂർ കുഞ്ഞുമോൻ അദ്ദേഹത്തിന്റെ 91-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് 5 ഹെക്ടർ ആക്കണമെന്നാണ്. 4 ഹെക്ടർ പോരാ, 5 ഹെക്ടർ ആക്കണമെന്നാണ്. ഞങ്ങൾ അത്രയുംവരെ പോകുന്നില്ല. ഞങ്ങൾ 4 ഹെക്ടറിൽ നിൽക്കുകയാണ്. പിന്നെ ഇത്രയും വലിയ കാര്യം ഉണ്ടായിരുന്നു എങ്കിൽ കട്ട് ഓഫ് ഡേറ്റിനെപ്പറ്റി ഒരു അമെന്റ്മെന്റ് ആരെങ്കിലും കൊണ്ടുവരണ്ടേ? കട്ട് ഓഫ് ഡേറ്റിനെപ്പറ്റി അമെന്റ്മെന്റ് ഇല്ല. ഇപ്പോൾ ഓരോ തത്ത്വോപദേശങ്ങൾ ഇങ്ങനെ പറയുന്നു എന്നല്ലാതെ ഇതൊന്നും മനസ്സിൽ തട്ടി കൺവിക്ഷനോടുകൂടിയുള്ളതല്ല. പിന്നെ എന്തിനാ കട്ട് ഓഫ് ഡേറ്റ്. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 98-ാം നമ്പർ ഭേദഗതി കമെൻസ്മെന്റ് ഓഫ് ദി ആക്ടാണ്, അത് കട്ട് ഓഫ് ഡേറ്റല്ല. ഈ നിയമം എന്നുപറയുന്നത് നിയമം പാസാകുന്നതിനിടയിൽ അതുവരെ മിച്ചഭൂമി വാങ്ങിയ കബളിപ്പിക്കപ്പെട്ട കൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടിത്തന്നെയാണ്. അതുകൊണ്ട് വെറുതെ പ്രസംഗിക്കാൻവേണ്ടി വല്ലതും പറഞ്ഞിട്ട് കാര്യമുണ്ടോ? 92 മുതൽ 95 വരെയുള്ള ഭേദഗതികൾ 'otherwise' എന്ന വാക്കുകൾ ഒഴിവാക്കാനാണ്. അത് സ്വീകാര്യമല്ല. മുമ്പു പറഞ്ഞതുപോലെ എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന Stay of Eviction Act-ലും 'അതർവൈസ്' എന്ന വാക്ക് ഉണ്ട്. അതുതന്നെയാണ് ഇപ്പോൾ ഇവിടെ സ്വീകരിച്ചിരിക്കുന്നത്. ബാക്കി അമെന്റ്മെന്റ്സ് സ്വീകാര്യമല്ല. 96 മുതൽ 101 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല. ബില്ലിലെ വ്യവസ്ഥകൾ പര്യാപ്തമാണ്. അതുകൊണ്ട് 83-ാം നമ്പർ ഭേദഗതിക്ക് വിധേയമായി മൂന്നാം വകുപ്പ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, ഏറ്റവും ഒടുവിൽ മിച്ചഭൂമി വാങ്ങിയ ആധാരം നോക്കി ആ ഡേറ്റ് എങ്കിലും കട്ട് ഓഫ് ഡേററ് വയ്ക്കാൻ പറ്റുമോ? ഏറ്റവും ഒടുവിൽ മിച്ചഭൂമി ആര് വാങ്ങി, അത് ഇന്ന് കേരളത്തിൽ ഉള്ളതിൽവച്ച് ഏറ്റവും ഒടുവിലത്തേത് കൊട്ടിയൂരും വടക്കേക്കളവുമാണ്. അതെങ്കിലും കട്ട് ഓഫ് ഡേറ്റ് വയ്ക്കാൻ പറ്റുമോ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ബാലൻ: 1964-ൽ ഈ നിയമം പാസ്സാക്കിയതിനുശേഷം ഈ രജിസ്ട്രേഷൻ ഓഫീസിൽ വച്ച് 40 കൊല്ലവും ഇത് കൊടുക്കലാണോ പണി. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ കോമൺസെൻസിനകത്ത് 40 കൊല്ലവും രജിസ്ട്രേഷൻ ഓഫീസിൽ ഇല്ലീഗലായിട്ടുള്ള ട്രാൻസാക്ഷൻസ് നടക്കുമോ? അതുകൊണ്ട് നമുക്ക് എല്ലാവർക്കും ഒരു പൊതു consensus-ൽ എത്തുന്ന ഒരു കട്ട് ഓഫ് ഈയർ ആവശ്യമാണ്.

ശ്രീ. കെ. എം. മാണി: ഇവിടെ ഏതെങ്കിലും ബില്ലുകൾ അവതരിപ്പിക്കുന്നത് എങ്ങനെയാണെന്നറിയാമോ, പ്രതിപക്ഷത്തോട് ചോദിച്ചിട്ടല്ല. ഇവിടെ ഇതിന് ഒരു വ്യത്യാസമുണ്ട്, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റല്ല കൊണ്ടുവരുന്നത്, ആൾ പാർട്ടി മീറ്റിംഗ് വിളിച്ചുചേർത്ത് അവരുടെ consensus-ഓടുകൂടി 4 ഹെക്ടർ സ്ഥലം നിശ്ചയിച്ച് ഒരു ബിൽ കൊണ്ടുവന്നതിനുശേഷം ശ്രീ. ബാലൻ ഇവിടെ നിന്നുകൊണ്ട് ഗീർവാണ പ്രസംഗം നടത്തിയാൽ ഇപ്പോൾ സ്വീകരിക്കാൻ പറ്റുമോ? അതുകൊണ്ട് ഇത് പാസ്സാക്കിത്തരണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 83-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ

പ്രതികൂലിക്കുന്നവർ

83-ാം നമ്പർ ഭേദഗതി അംഗീകരിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 84-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ: ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 88, 95, 100 ഭേദഗതികൾ പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. മത്തായി ചാക്കോ: സർ, ഞാൻ എന്റെ 95, 100 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. മത്തായി ചാക്കോ അവതരിപ്പിച്ച 95, 100 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. മത്തായി ചാക്കോ: 88-ാം നമ്പർ ഭേദഗതി പ്രസ്സ്ചെയ്യുന്നു.

ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—20

1. ശ്രീ മഞ്ഞളാംകുഴി അലി
2. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
3. ശ്രീ. എ. കെ. ബാലൻ
4. ശ്രീ. ടി. കെ. ബാലൻ
5. ശ്രീ. വി. കെ. ചന്ദ്രൻ
6. ശ്രീ. വി. ചെന്താമരാക്ഷൻ
7. ശ്രീ. ടി. കെ. ദേവകുമാർ
8. ശ്രീ. കെ. കെ. ജയചന്ദ്രൻ
9. ശ്രീ. എം. വി. ജയരാജൻ
10. ശ്രീ. കെ. വി. കുഞ്ഞിരാമൻ
11. ശ്രീ. വി. കെ. സി. മമ്മദ്കോയ
12. ശ്രീ. മത്തായിചാക്കോ
13. ശ്രീ. കെ. പി. മോഹനൻ
14. ശ്രീ. സി. കെ. നാണു.
15. ശ്രീ. കെ. രാധാകൃഷ്ണൻ
16. ശ്രീ. കെ. പി. രാജേന്ദ്രൻ
17. ശ്രീ. ടി. പി. രാമകൃഷ്ണൻ
18. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
19. ശ്രീ. എ. സി. ഷൺമുഖദാസ്
20. ശ്രീ. പി. എസ്. സുപാൽ.

പ്രതികൂലിക്കുന്നവർ—49

1. ശ്രീ സി. ടി. അഹമ്മദ് അലി
2. ശ്രീ. എ. പി. അനിൽകുമാർ
3. ശ്രീ. എൻ. ഡി. അപ്പച്ചൻ
4. ശ്രീ. കെ. ബാബു
5. ശ്രീ. പി. കെ. കെ. ബാവ
6. ശ്രീ. ടി. വി. ചന്ദ്രമോഹൻ
7. ശ്രീ. കെ. എ. ചന്ദ്രൻ
8. ശ്രീ. എം. എ. ചന്ദ്രശേഖരൻ
9. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
10. ശ്രീ. എം. പി. ഗംഗാധരൻ
11. ശ്രീ. പി. പി. ജോർജ്
12. ശ്രീ. ജോർജ് ജെ. മാത്യു
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ഉമ്മൻചാണ്ടി
15. ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

16. ശ്രീ. ജോണി നെല്ലൂർ
17. ശ്രീ. കെ. സി. ജോസഫ്
18. ശ്രീ. ജോസഫ് എം. പുതുശ്ശേരി
19. ശ്രീ. പി. ജെ. ജോയി
20. ശ്രീ. കെ. എൻ. എ. ഖാദർ
21. ശ്രീ. കെ. കെ. നായർ
22. ശ്രീ. ലൂഡി ലൂയിസ്
23. ശ്രീ. കെ. എം. മാണി
24. ശ്രീ. കെ. മുഹമ്മദാലി
25. ശ്രീ. ആര്യാടൻ മുഹമ്മദ്
26. ശ്രീ. എം. മുരളി
27. പ്രൊഫ. എ. ഡി. മുസ്തഫ
28. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
29. ശ്രീമതി രാധാ രാഘവൻ
30. ശ്രീ. എ. എൻ. രാജൻ ബാബു
31. ശ്രീ. യു. സി. രാമൻ
32. ശ്രീ. തമ്പാനൂർ രവി
33. ശ്രീ. റോഷി അഗസ്റ്റിൻ
34. ശ്രീ. ടി. പി. എം. സാഹിർ
35. ശ്രീ. പി. ശങ്കരൻ
36. ശ്രീമതി മാലേത്ത് സരളാദേവി
37. ശ്രീ. വി. ഡി. സതീശൻ
38. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
39. ശ്രീ. കെ. കെ. ഷാജു
40. ശ്രീ. കടവൂർ ശിവദാസൻ
41. ശ്രീമതി ശോഭനാ ജോർജ്ജ്
42. ശ്രീ. സ്റ്റീഫൻ ജോർജ്ജ്
43. ശ്രീ. ഡി. സുഗതൻ
44. ശ്രീ. എ. സുജനപാൽ
45. ശ്രീ. എൻ. സുന്ദരൻ നാടാർ
46. ശ്രീ. സി. എഫ്. തോമസ്
47. പ്രൊഫ. കെ. വി. തോമസ്
48. ശ്രീ. തോമസ് ചാഴികാടൻ
49. ശ്രീ. എം. എ. വാഹീദ്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

മി. സ്പീക്കർ: ഭേദഗതിയെ അനുകൂലിക്കുന്നവർ—20
പ്രതികൂലിക്കുന്നവർ - 49
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.
ഭേദഗതി നിരാകരിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ ?

ശ്രീ. എ. എ. അസീസ് : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. എ. എ. അസീസ് അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ : ഞാൻ പിൻവലിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ജെ. ജോയി : ഞാൻ പിൻവലിക്കുന്നു.

ശ്രീ. പി. ജെ. ജോയി അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 98 -ാം നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 98-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. കെ. ദേവകുമാർ : ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ അവതരിപ്പിച്ച 99-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

Minister for Revenue and Law (Shri K. M. Mani): Sir, I move the following amendment:

(102) In sub-section (4) of section 84 proposed to be inserted by clause 4, in the third proviso, for the words, bracket and figures "the Kerala Land Reforms (Second Amendment) Act, 2004" the words, bracket and figures "the Kerala Land Reforms (Amendment) Act, 2005" shall be substituted.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇതിലിപ്പോൾ മിച്ചഭൂമി സംബന്ധിച്ച് കോടതികളിലോ ട്രിബ്യൂണലുകളിലോ കിടക്കുന്ന കേസുകൾ അസാധുവായിട്ട് പ്രഖ്യാപിക്കുകയാണ്. 4-ാം വകുപ്പ് പാസ്സാകുമ്പോൾ വരുന്നത് അത്തരക്കാർക്ക് കൈവശരേഖ നൽകാനും ഈ വകുപ്പ് അനുശാസിക്കുന്നുണ്ട്. ഇതിൽ ഉണ്ടാകാൻപോകുന്ന പ്രയാസം വളരെ വലുതായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഈ വകുപ്പ് വേണ്ട എന്ന നിർദ്ദേശം ഞാൻ പറഞ്ഞത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു കൈ കൊണ്ട് കൊടുക്കുകയും മറു കൈകൊണ്ട് എടുക്കുകയും ചെയ്യുന്നത് ശരിയാണോ ? ഒരു കൈകൊണ്ട് കൊടുക്കുകയാണെങ്കിൽ കൃഷിക്കാരുടെ താൽപ്പര്യങ്ങളെ ഹനിക്കത്തക്കവണ്ണം കോടതിയിൽ കിടക്കുന്ന കേസുകളെ സംബന്ധിച്ച് ഒരു വ്യവസ്ഥ വേണം. അതുകൊണ്ട് അത് ആവശ്യമാണ്.

മി. സ്പീക്കർ : റവന്യൂവും നിയമവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 102-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ബില്ലിന്റെ ഭാഗമായിരിക്കുന്നു..

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 112 മുതൽ 117 വരെയുള്ള ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Minister for Revenue and Law (Shri K. M. Mani): Sir, I move the following amendments:

(76) In the enacting formula, for the words, "Fifty-fifth Year", the words "Fifty-sixth Year" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

(78) In Sub-clause (1) of clause 1, for the words, brackets and figures "the Kerala Land Reforms (Second Amendment) Act, 2004, the words, brackets and figures, "the Kerala Land Reforms (Amendment) Act, 2005" shall be substituted.

മി. സ്പീക്കർ: ബാക്കിയെല്ലാം സമാനമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിലുള്ള പ്രശ്നം മെമ്പർമാർ കൊടുത്തിട്ടുള്ള ഭേദഗതികൾ നോക്കിയിട്ടാണ് മന്ത്രിയുടെ ഭേദഗതി വരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു, ഒരു കൊല്ലം പുറകിലാണ് നമ്മുടെ മന്ത്രിസഭയെന്ന്. കൊല്ലം മാറിയതുപോലും അറിയാത്ത ഒരുമന്ത്രിസഭ, പിന്നെന്തിനാണ്, ഈ ബിൽ അവതരിപ്പിക്കുമ്പോൾ തന്നെ മാറ്റിക്കൂടെ. ഞങ്ങൾ കൊടുത്ത ഭേദഗതി നോക്കി മന്ത്രി ഒരു ഔദ്യോഗിക ഭേദഗതി കൊണ്ടുവരികയാണ് ചെയ്തത്.

മി. സ്പീക്കർ: പ്രസ്സ് ആണ് ഒരു കൊല്ലം പിന്നിൽ.

ശ്രീ. ടി. കെ. ദേവകുമാർ: സീനിയറായിട്ടുള്ള മെമ്പർമാർ ഞങ്ങളെപ്പോലുള്ളവരെ നിയമനിർമ്മാണത്തിൽ പങ്കാളികളാകാൻ പ്രോൽസാഹിപ്പിക്കേണ്ടതാണ്. എനിക്കുശേഷം പ്രളയമെന്ന് ചിന്തിക്കാമോ? ആരെങ്കിലുമൊക്കെ പഠിച്ച് എന്തെങ്കിലും ഇതുപോലുള്ള മണ്ടത്തരമൊക്കെ പറഞ്ഞെങ്കിലേ നാളെ മാണിസാറിന്റെ സ്ഥാനത്ത് ആരെങ്കിലും ഉയർന്നുവരികയുള്ളൂ. അവരുടെയൊക്കെ മണ്ടചൂളുന്ന ഒരേർപ്പാടാണെന്ന് ഈ ചർച്ചയിലെങ്കിലും ഇതൊന്ന് ബോദ്ധ്യപ്പെടണം.

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട ദേവകുമാർ പറഞ്ഞത് വളരെ ന്യായമായിട്ടുള്ള കാര്യമാണ്. ഇനി വരുന്ന ബില്ലിൽ ഭേദഗതി ഉണ്ടെങ്കിൽ ദേവകുമാറിന്റേത് ഞാൻ സ്വീകരിക്കാം.

മി. സ്പീക്കർ: മെമ്പർമാരുടെ അറിവിനുവേണ്ടി ഒരു കാര്യം ഭേദഗതി ആദ്യം വരുന്നതിന് ആദ്യം നമ്പർ ഇടും, അപ്പോൾ മെമ്പർമാർ തരുന്നതിന് മുൻപുതന്നെ മിനിസ്റ്റർ ഭേദഗതി അവതരിപ്പിച്ചതുകൊണ്ടാണ് നേരത്തെ നമ്പർ ചെയ്തത്. വളരെ ക്ലിയറാണ്. മിനിസ്റ്റർക്ക് തന്നെ പിന്നെ പരിശോധിച്ചപ്പോൾ ഇങ്ങനെ ഒരു ഭേദഗതി വേണമെന്ന്തോന്നി, അദ്ദേഹം തന്നു. 76, 78 ആണ് മന്ത്രിയുടെ ഭേദഗതി, അതിനുശേഷമാണ് അംഗങ്ങളുടേത്. അതിൽ വലിയ അപാകതയൊന്നുമില്ല.

ശ്രീ. കെ. എം. മാണി: ഇതിലൊരു തെറ്റുമില്ല. 2004-ൽ അവതരിപ്പിക്കുന്ന ബില്ലിന് 2004 എന്നേപറയൂ. 2005-ലാണ് പാസാക്കുന്നത് അപ്പോൾ 2005 എന്നുപറയും. ഗവൺമെന്റ് തന്നെ ആദ്യം നോട്ടീസ് കൊടുത്തു. ഗവൺമെന്റിന് ഒരു തെറ്റും പറ്റിയിട്ടില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. മാണി അവതരിപ്പിച്ച 76, 78 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : മൂന്നാം വായനയിൽ എനിക്ക് ഒരു അഭ്യർത്ഥനയേയുള്ളൂ. ഇതിപ്പോൾ നമ്മൾ എല്ലാപേരുംകൂടി ഒന്നിച്ച് പാസ്സാക്കുകയാണെങ്കിൽ ഇതിന്റെ ഗ്രേയിസ് കളയണ്ട, ഏതായാലും ഒരുപാട് കഷ്ടപ്പെട്ട് നമ്മളെല്ലാപേരുംകൂടി ആലോചിച്ചുകൊണ്ടുവന്ന ബിൽ ആണ്. അതുകൊണ്ട് എല്ലാപേരുംകൂടി യുനാനിമസ് ആയിട്ട് പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയേയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മൂന്നാം വായനയിൽ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു നിയമമാണ് ഈ ഭൂപരിഷ്ക്കരണ നിയമം. ഇതിന്റെ ചരിത്രമൊന്നും ഞാൻ വിശദീകരിക്കുന്നില്ല. സർ, ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തുന്ന ഏതൊരു ഭേദഗതിയും അത് വളരെ സൂക്ഷ്മതയോടുകൂടി ചെയ്യേണ്ട കാര്യമാണ്. ഈ ഭൂപരിഷ്ക്കരണ നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപെടുത്തിയതുകൊണ്ടുതന്നെ ഇതിന് പ്രത്യേകമായ പ്രാധാന്യമുണ്ട്. ഈ സാഹചര്യത്തിൽ ഇപ്പോൾ ഈ ബിൽ പാസ്സാക്കുമ്പോൾ വരാൻ പോകുന്നത് 12,000 ഏക്കർ മിച്ചഭൂമി നമ്മുടെ സംസ്ഥാനത്തിന് നഷ്ടപ്പെടുകയാണ്. ഇത് ദരിദ്ര കൃഷിക്കാർക്കും മറ്റും വിതരണം ചെയ്യേണ്ട ഭൂമിയാണ്. സർ, വടക്കേക്കളം പ്രശ്നത്തിന്റെ പേരിലാണ് ഇത്തരത്തിൽ ഒരു ബിൽ തന്നെയുണ്ടാകുന്നത്. വടക്കേക്കളത്തിന്റെ പ്രശ്നം വളരെ ശരിയായിട്ടുള്ള പ്രശ്നമാണ്. അവിടെ ഒഴിപ്പിക്കൽ ഭീഷണി നേരിടുന്ന ചെറുകിടകൃഷിക്കാരനെ സഹായിക്കാൻ വേണ്ടിയാണ് എല്ലാ രാഷ്ട്രീയ പാർട്ടികളും ഇടപെട്ടത്. കൃഷിക്കാരായ കുടികിടപ്പുകാരും, ചെറുകിട കൈവശക്കാരുമായ ഏതാനും പേർ വാങ്ങിയതും അറുപത്തിമൂന്നിലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ട മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയതുമായ ഭൂമി അവിടെ ഒഴിപ്പിക്കൽ ഭീഷണി നേരിട്ടപ്പോഴാണ് രാഷ്ട്രീയ പ്രസ്ഥാനങ്ങളിടപെട്ട് ഒഴിപ്പിക്കൽ പാടില്ല എന്നു പറഞ്ഞത്. ആ ഘട്ടത്തിൽ എല്ലാ രാഷ്ട്രീയപ്പാർട്ടിക്കാരും ആ ഒഴിപ്പിക്കലിന് എതിരായി രംഗത്തുവന്നിട്ടുണ്ട്. വടക്കേക്കളത്തിന്റെ പ്രശ്നംവച്ചുകൊണ്ടാണ് ആരംഭിച്ചത്. ഇപ്പോൾ എന്തായി? വടക്കേക്കളത്ത് 600 പേരാണ് ഇതിന് വിധേയമാകുന്ന കൃഷിക്കാർ. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് 600 കൃഷിക്കാർക്ക് പകരം ഇപ്പോൾ ഒരു നിയമം പാസാക്കുന്ന സ്ഥിതിയിൽ എത്തിയപ്പോൾ 6202 ആയിട്ട് വർദ്ധിക്കുന്നു. മറ്റ് സ്ഥലങ്ങളിലുള്ളവർക്കുകൂടി ഇത് ബാധകമാക്കാൻ തുടങ്ങിയതോടുകൂടി ഇതിന്റെ അംഗസംഖ്യ കൂടി, ഇവിടെ 2200 ഏക്കർ മിച്ചഭൂമിയാണ് വടക്കേക്കളത്തുള്ളത്. ആ 2200 ഏക്കർ മിച്ചഭൂമിയുടെ പ്രശ്നത്തിൽ നമ്മൾ ഇപ്പോൾ നിയമം കൊണ്ടുവരാൻ തുടങ്ങിയപ്പോൾ അത് 12,000 ആയിട്ട് വർദ്ധിപ്പിക്കുന്നു. ഇതാണ് ഇതിനകത്ത് വന്നിട്ടുള്ള ഗുരുതരമായിട്ടുള്ള പ്രശ്നം. ചെറുകിട കൃഷിക്കാരന് എന്നുള്ള നിർവചനത്തിൽ പറയുന്നതുപോലെ ഇതിൽപ്പെട്ട ആളുകൾക്ക് ഭൂമി കൊടുക്കണമെന്നാണ് ഞങ്ങൾ എടുത്ത നിലപാട്. ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥയിൽ പറയുന്നതുപോലെ ചെറുകിടകൃഷിക്കാരൻ എന്നുള്ള നിർവചനത്തിൽ പ്പെടുത്തി 4 ഏക്കർ എന്ന് ചർച്ച ചെയ്തുവന്നപ്പോൾ പറഞ്ഞു. രണ്ട് ഹെക്ടർ എന്നായിട്ട് നിജപ്പെടുത്താമെന്ന് ഒരു പൊതു അഭിപ്രായം ഞങ്ങൾ അന്ന് പറഞ്ഞു. യു.ഡി.എഫിന്റെ ഭാഗത്തനിന്ന് 4 ഹെക്ടർ എന്ന നിലപാട് തന്നെ അവർ സ്വീകരിച്ചിരുന്നു. ഇപ്പോൾ യു.ഡി.എഫിന്റെ അഭിപ്രായമാണ് ഏക്കർ കണക്കാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നിലപാട്. ഞങ്ങളുടെ വ്യത്യസ്താഭിപ്രായം വകുപ്പുതിരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചർച്ചയിൽ ഞങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവിടെ പത്തേക്കറിന് മുകളിൽ, പത്തേക്കർ വരെയുള്ളവർ അവിടെ ഒരു മൂന്നോ നാലോ ആൾ മാത്രമേയുള്ളൂ. ഇത് എന്തിനുവേണ്ടിയാണ് ഇവിടെ ചെയ്തത്. വടക്കേക്കളത്തുള്ള ആളുകൾക്കുവേണ്ടി ആണെങ്കിൽ ഇതിന്റെ ആവശ്യവുമില്ല. വടക്കേക്കളത്തിൽ ഒരു മൂന്നോ നാലോ ആളുകൾക്കാണ് ഇതുകൊണ്ട് ഗുണം കിട്ടുക, മറ്റ് എവിടേയോ ഉള്ള, ഇത്തരത്തിൽ കൈവശം വച്ചിരിക്കുന്ന ആളെ സഹായിക്കാൻ വേണ്ടിയാണ് 4 ഹെക്ടർ എന്ന വാശി മന്ത്രി ഇവിടെ പിടിക്കുന്നത്. 10 ഏക്കർ എന്നുള്ളത് വടക്കേക്കളത്തെ സംബന്ധിച്ചിടത്തോളം മൂന്ന് ആളുകൾക്ക് മാത്രം ബാധകമായതാണ്. അപ്പോൾ വേറെ എവിടെയോ ഭൂമി കൈവശം വയ്ക്കുന്ന ആളുകളെ സഹായിക്കാൻ വേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഇത്തരത്തിലുള്ള ഒരു വകുപ്പ് ഇവിടെ വേണമെന്നുള്ള നിർബന്ധം പിടിച്ചിരിക്കുന്നത്. ഇതേപോലെതന്നെ ഇത് പ്രാബല്യത്തിൽ വരുന്നതിന്റെ തീയതി ഇവിടെ നിശ്ചയിക്കുന്നത് ഇനിയും കാലതാമസമുണ്ടാക്കും. അങ്ങനെവരുമ്പോൾ ഇനിയിപ്പോൾ കിടക്കുന്ന ഒരു മിച്ചഭൂമി ഒരാൾ വാങ്ങിയാലും ഇതുപ്രകാരം ഇത് കിട്ടും. ഇത്തരത്തിൽ മിച്ചഭൂമി പൂർണ്ണമായി ഇല്ലാതാകുന്ന സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം ചെന്നെത്തും. ഇവിടെ ആദിവാസികൾക്ക് ഭൂമി കൊടുക്കാൻ ഇല്ലാത്ത സംസ്ഥാനത്ത് ഇത്തരത്തിലുള്ള സ്ഥിതി വന്നാൽ ഗുരുതരമായ അവസ്ഥയിലേക്ക് കേരളം ചെന്നെത്തും. ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തുന്ന ഈ ഭേദഗതിയിൽ ഞങ്ങൾക്ക് വളരെയധികം ആശങ്കയുണ്ട്. ഈ ബിൽ ഒറിജിനലായിട്ട് വന്ന സമയത്ത് ഞങ്ങൾക്ക് ഇത്ര ആശങ്കയുണ്ടായിരുന്നില്ല. ഇവിടെയിപ്പോൾ ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് വേറൊരു ബിൽ കൂടി നിയമസഭയിൽ സർക്കുലേറ്റ് ചെയ്തിട്ടുണ്ട്.

ആ ബില്ലുകൂടി പാസ്സാക്കപ്പെടുമ്പോൾ കശുവണ്ടികൂടി ഭൂപരിഷ്ക്കരണത്തിന്റെ പരിധിയിൽനിന്നും ഒഴിവാകും. ഇങ്ങനെ സംസ്ഥാനത്തുള്ള മിച്ചഭൂമിയും മറ്റ് തോട്ടങ്ങളും മുഴുവനും ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കി കൊടുത്തുകൊണ്ട്, ഇവിടെ നമ്മുടെ സംസ്ഥാനത്ത് പുതിയ ഒരു നയം ഈ മേഖലയിൽ നടപ്പിലാക്കാൻ വേണ്ടി പോകുകയാണ്. ബഹുരാഷ്ട്ര കുത്തകകൾക്ക് നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമി കൈവശപ്പെടുത്താനുള്ള ഒരു നയമായിട്ടാണ് ഇത് തുടങ്ങിയത്. അതുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കാൻ നിർബന്ധിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള ഒരു ഭേദഗതി ഭൂപരിഷ്ക്കരണ നിയമത്തിൽ കൊണ്ടുവരുന്നതിനോട് തൊഴിലാളിവർഗ്ഗ പ്രസ്ഥാനങ്ങളോടും, കർഷകത്തൊഴിലാളി പ്രസ്ഥാനങ്ങളോടും, ആദിവാസികളോടും കൂറുള്ള ഒരു പ്രസ്ഥാനമെന്നുള്ള നിലയ്ക്ക് ചെറുകിട കൃഷിക്കാരോട് കൂറുള്ള ഒരു പ്രസ്ഥാനമെന്നുള്ള നിലയ്ക്ക് ഞങ്ങൾക്ക് ഇതിനോട് യോജിക്കാൻ സാധിക്കില്ല. അതുകൊണ്ട് ഞങ്ങൾ ഇതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കോടിയേരി ബാലകൃഷ്ണനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. പി. രാജേന്ദ്രൻ : 2004 ജൂലൈ 28-ാം തീയതിയാണ് ഈ ബില്ല് നിയമസഭയിൽ അവതരിപ്പിച്ചത്. അന്ന് ആ നിയമം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറഞ്ഞപ്പോൾ ഞാൻ അവതരിപ്പിച്ച ഒരു ഭേദഗതി അത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നായിരുന്നു. ഇപ്പോൾ അത്



LIBRARY ARCHIVES Kerala Legislative Assembly

വളരെ പ്രസക്തമായിട്ട് തോന്നുകയാണ്. ഇത്രയും പ്രധാനപ്പെട്ട ഒരു നിയമഭേദഗതി, വാക്കുകൊണ്ടല്ലെങ്കിൽ വാചകംകൊണ്ട് ചെറുതായിരിക്കാം. പക്ഷേ, ഭൂപരിഷ്ക്കരണ നിയമത്തിന്റെ അന്തസ്സത്തയെ, അതിനെ എല്ലാറ്റിനേയും ചോദ്യം ചെയ്യുന്ന വിധത്തിൽ അതിന്റെ നല്ല വശങ്ങളെ തകിടം മറിക്കുന്ന വിധത്തിലാണ് ഭേദഗതി വന്നത്. അതു കൊണ്ട് ഒരു സെലക്ട് കമ്മിറ്റിക്ക് അയച്ച് വേണമെങ്കിൽ സമഗ്രമായ ഒരു പരിശോധന നടത്താമെന്ന അഭിപ്രായമാണ് ഇവിടെ പറഞ്ഞത്. ഇവിടെ ഞാൻ നേരത്തെ ചോദിച്ച പ്പോൾ ബഹുമാനപ്പെട്ട മന്ത്രി വ്യക്തമായ ഒരു മറുപടി പറയാത്ത കാര്യം ഞാൻ ഒന്നു കൂടി പറയുകയാണ്. 11,487 ഏക്കർ ഭൂമി കേരളത്തിൽ ഏതൊക്കെ താലൂക്കുകളിൽ ഏതൊക്കെ ഡിസ്ട്രിക്ടുകളിലായിട്ട് വരും. കൃഷിക്കാർ 6202 ആളുകളുണ്ട്. ബഹുമാന പ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ സൂചിപ്പിച്ചതുപോലെ 600-ൽ ചിലാനം പേരേ വടക്കേക്കളത്തുള്ളൂവെങ്കിൽ ബാക്കിയൊക്കെ എവിടയൊക്കെ, ഏതൊക്കെ ജില്ല യിൽ ഉള്ളവരാണ്? അതിനെ സംബന്ധിച്ച് ഞങ്ങൾ ചില ആശങ്കകൾ വളരെ ഗൗരവ തരമായി ഇവിടെ ഉന്നയിച്ചാൽ അതിനു വ്യക്തമായ മറുപടി വേണ്ടേ? ഭൂപരിഷ്ക്കരണ നിയമം നിയമസഭ പാസ്സാക്കിയത് ഒരു ചരിത്രരേഖയായി ഇവിടെ നിലനിൽക്കുകയാണ്. അന്ന് നിയമനിർമ്മാണത്തിൽ പങ്കുവഹിച്ച പലരും ഇന്ന് ഇവിടെയില്ല. സഖാക്കൾ സി. എച്ച്. കണാരൻ, ഇ. ഗോപാലകൃഷ്ണമേനോൻ, ഇ. പി. ഗോപാലൻ ഉൾപ്പെടെ ആദരണീയരായ ഒരുപാട് നേതാക്കളുടെ എത്രയോ ദിവസത്തെ കഠിനാദ്ധ്വാനമാണ്. ഇക്കാര്യത്തിൽ അന്നുണ്ടായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയ്ക്ക് ഇന്ന് ഈ സഭയിലും ഈ ചർച്ചയിലും പങ്കെടുക്കാൻ കഴിയാത്തതുകൊണ്ട്, അന്നത്തെ ചർച്ച കളിൽ പങ്കെടുക്കുകയും വലിയ നേതൃത്വം വഹിക്കുയും ചെയ്ത സഖാവ് ഗൗരിയമ്മ ഇന്ന് ഈ ചർച്ചയിൽ പങ്കെടുക്കുന്നില്ല. ഗൗരവതരമായ ഒരു കാര്യംകൂടി സൂചിപ്പിക്കു കയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിച്ചതാണിത്. കേരളത്തിൽ ഭൂമി നഷ്ടപ്പെടുന്ന പൊതുമുതൽ നഷ്ടപ്പെടുന്ന, കേരള ഗവണ്മെന്റിന്റെ ഉടമസ്ഥതയിൽ ഉള്ളതുൾപ്പെടെയുള്ള ഭൂമിയും പൊതുമുതലുകളും നഷ്ടപ്പെടുന്ന, അന്യാധീനപ്പെട്ടു പോകുന്ന വലിയ ആക്ഷേപങ്ങളും വലിയ പ്രക്ഷോഭണങ്ങളും ഈ സംസ്ഥാനത്ത് നടക്കുന്ന സാഹചര്യംകൂടിവച്ചുകൊണ്ട് മതികെട്ടാൻമല ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഭൂമി കൈമാറുകയും ചെയ്ത സാഹചര്യ ത്തിൽ, ഇതിലുള്ള ഉൽക്കണ്ഠ കേരളത്തിലെ കൃഷിക്കാരും ഞങ്ങളും ഇവിടെ പ്രകടി പ്പിച്ചാൽ ആ ഉൽക്കണ്ഠയും ആശങ്കയും ഉൾക്കൊണ്ടുകൊണ്ട് അതിൽ എന്തെങ്കിലുമു ണ്ടോയെന്ന ഒരു പരിശോധനപോലും നടത്താതെ ഓൾ പാർട്ടിമീറ്റിംഗിൽ അംഗീകരിച്ചു എന്ന് പറഞ്ഞാണ് തെറ്റിദ്ധാരണയുണ്ടാക്കിയത്. ഓൾ പാർട്ടിയിൽ രണ്ട് ഹെക്ടറാണ് അംഗീകരിച്ചിട്ടുള്ളത് എന്നതുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു. അതുകൊണ്ട് ഭൂപരിഷ്ക്കരണ നിയമത്തിനെ ഏതെങ്കിലും തരത്തിൽ കളങ്കപ്പെടുത്താൻ കൂട്ടുനിൽക്കാൻ കഴിയില്ല എന്നുള്ളതുകൊണ്ട് ഞാനും പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് വാക്കൗട്ട് നടത്തുന്നു. വടക്കേക്കളത്തിന്റേത് ഒരുമിച്ച് അംഗീകരിച്ച് പാസ്സാക്കേണ്ടതാണ്. ഞങ്ങൾ ഇല്ലാതെ ചർച്ച ചെയ്യരുത്. ഞങ്ങളും കൂടി അംഗീകരിച്ചു കൊണ്ട് പാസ്സാക്കണം.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. നാണു : ഇവിടെ എല്ലാപേരും വ്യക്തമാക്കിയതുപോലെ ഭൂപരിഷ്ക്കരണ നിയമങ്ങൾ പ്രാവർത്തികമാക്കി ഇൻഡ്യയിൽ മാതൃകയായ സംസ്ഥാനമാണ് കേരളം. നമ്മൾ ഏത് നിയമം കൊണ്ടുവരുന്ന അവസരത്തിലും അത് സംസ്ഥാനത്തിലെ മൊത്തത്തിലുള്ള, കാർഷിക മേഖലയിലുള്ള നിയമത്തിന് തകരാറാകുമെങ്കിൽ, അത് ഗുണകരമല്ല. ചില പ്രത്യേക സന്ദർഭങ്ങളിൽ പലപ്പോഴും ഈ നിയമസഭയിൽ കുടിയാന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങേയറ്റം പ്രവർത്തിച്ചിട്ടുണ്ട്. പല അവസരത്തിലും അതിന് ഓർഡിനൻസും മറ്റും കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ മൊത്തത്തിൽ കൃഷിക്കാരുടെ താൽപര്യം സംരക്ഷിക്കാനും മിച്ചഭൂമി ലഭിക്കാനും വിരുദ്ധമായ ഈ ബില്ല് സംശയമുളവാക്കുന്നു. എന്നതിനാൽ ഞങ്ങൾ ഇറങ്ങിപ്പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ടവരും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. സി. ജോസഫ്: ഞാൻ ആമുഖമായി പറഞ്ഞതുപോലെ പ്രതിപക്ഷം സംശയത്തിന്റെ പുകമറയുണ്ടാക്കി ആടിനെ പട്ടിയാക്കുകയാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു, വടക്കേക്കളം ബിൽ അവസാനം പറയാമെന്ന്. അങ്ങനെയൊരു ബില്ല് ഈ സഭയിലില്ല. ഈ ബില്ലിൽ പറയുന്നത് കൃഷിക്കാരായ കുടികിടപ്പുകാരൻ, ചെറുകിട കൈവശക്കാരായ ഏതാനുംപേർ. അവർ വാങ്ങിയതും 1963-ലെ കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വിട്ടുകൊടുക്കേണ്ട മിച്ചഭൂമിയാണെന്ന് പിന്നീട് കണ്ടെത്തിയ ഭൂമിയിൽനിന്നും ഒഴിപ്പിക്കുന്നത് സംബന്ധിച്ച്, അതിന്റെ അവകാശം സംബന്ധിച്ച്. രണ്ടും ഒരേ ബില്ലാണ്. അതിനിവിടെ ആവശ്യമില്ലാത്ത സംശയങ്ങൾ ഉണ്ടാക്കി, ഭൂപരിഷ്ക്കരണ നിയമത്തിന്റെ അപാകത ഇവിടെ പറഞ്ഞു. 13,000 ഏക്കർ മിച്ചഭൂമി നഷ്ടപ്പെടുമെന്ന് പറഞ്ഞു. ഈ 13,000 ഏക്കർ ഭൂമിയെന്നു പറയുന്നത് 40-45 കൊല്ലങ്ങളായി കൃഷിക്കാർ ദേഹണ്ഡം നടത്തിയതാണ്. അത് കൈവശഭൂമിയാണ്. മിച്ചഭൂമിയെന്ന് രേഖയിൽ കാണുമായിരിക്കും. ഇങ്ങനെ കൈവശമുള്ള കൃഷിക്കാരൻ വടക്കേക്കളത്തു മാത്രമല്ല എന്റെ മണ്ഡലത്തിലെ പാത്തൻപാറയിലും കുടിയാൻമലയിലും, ശ്രീ. ആര്യാടൻ മുഹമ്മദിന്റെ മണ്ഡലത്തിലെ നിലമ്പൂരുമൊക്കെ വ്യാപകമാണ് ഈ പ്രശ്നം. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ കൃഷിക്കാരന് അവകാശം കൊടുക്കുമ്പോൾ ഇവിടെ എന്തോ അപകടമാണെന്ന് വരുത്തി സംശയമുണ്ടാക്കുന്നത് നിർഭാഗ്യകരമാണ്. ഈ ബില്ല് പാസ്സാക്കേണ്ടത് കേരളത്തിലെ കൃഷിക്കാരുടെ ആവശ്യമാണ്. ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിലേക്ക് തിരിച്ചു.)

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നമുക്കൊരു പാർലമെന്ററി പ്രൊപ്രൈറ്റി ആവശ്യമാണ്. ഇത് വാസ്തവത്തിൽ വളരെ തെറ്റായ നിലപാടാണ്. പ്രതിപക്ഷത്തെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വമില്ലാത്ത നിലയിൽ പ്രവർത്തിക്കുന്നത് വളരെ സങ്കടകരമാണ്. മെമ്മോറാണ്ടം പേര് വച്ചു സമർപ്പിക്കുന്നു, അതിനെ നിഷേധിക്കുന്നില്ല. അതിനനുസരിച്ച് നിയമസഭ നിലപാടെടുക്കുകയും ഓൾ പാർട്ടി കോൺഫറൻസ് കൂടിയപ്പോൾ അവിടെ സമ്മതിച്ച കാര്യം ഇപ്പോൾ വിപരീതമായി നിയമസഭയിൽ വന്ന് പറയുകയാണ്. ഇപ്പോൾ ബഹുമാനപ്പെട്ട കോടിയേരി

LIBRARY ARCHIVES Kerala Legislative Assembly

ബാലകൃഷ്ണൻ ഇവിടെ വന്ന് പറഞ്ഞിട്ട് പോയത് അന്ന് 600 ഇപ്പോൾ ആറായിരമാണെന്ന്. ഞാൻ ഓൾ പാർട്ടി കോൺഫറൻസിന്റെ മിനിട്ട്സ് വായിക്കുകയാണ്. Minister, Revenue and Law inform that there are 6200 odd families, small holders and cultivating tenants occupy about 11500 acres of land involved in 276 ceiling cases. ഇത് ഓൾ പാർട്ടി കോൺഫറൻസിന്റെ മിനിട്ട്സിനകത്ത് പറഞ്ഞിരിക്കുന്നു. ഇത് മുഴുവനും വ്യക്തമായി ചർച്ച ചെയ്ത്, ഇത്രയുമാളുകളുണ്ടെന്ന് പറഞ്ഞ്, ഓൾ പാർട്ടി കോൺഫറൻസിൽ തീരുമാനം എടുത്തതിനുശേഷം, ബില്ല് അവതരിപ്പിച്ചതിനു ശേഷം പബ്ലിക് ഗ്യാലറിക്കുവേണ്ടി ഗവണ്മെന്റിനെ കുറ്റപ്പെടുത്തുന്നത്, തെറ്റിദ്ധാരണ ഉണ്ടാക്കുന്നത് ഉത്തരവാദിത്വമുള്ള പ്രതിപക്ഷത്തിന് ചേർന്നതല്ല. ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞു, ഓരോ ജില്ലയിലും എത്രയുണ്ടെന്ന്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞു, ഇത് ഒരു ജില്ലയ്ക്കുവേണ്ടി മാത്രമുള്ളതല്ല. വടക്കേക്കളം ബില്ലുണ്ടോ? തിരുവനന്തപുരം ജില്ലയിൽ 11 കേസുകൾ, കൊല്ലം ജില്ലയിൽ 19 കേസുകൾ, പത്തനംതിട്ടയിൽ 12 കേസുകൾ, ആലപ്പുഴയിൽ ഒരു കേസ്, ഇടുക്കിയിൽ 11 കേസുകൾ, കോട്ടയത്ത് 2 കേസുകൾ, എറണാകുളത്ത് 2 കേസുകൾ, തൃശൂരിൽ 39 കേസുകൾ, പാലക്കാട്ട് 44 കേസുകൾ. 1454 പേരാണ് പാലക്കാട്ടുള്ളത്. മലപ്പുറത്ത് 75 കേസുകൾ, 2068 പേരാണ്. കോഴിക്കോട്ട് 104 കേസുകൾ. കണ്ണൂരിൽ ആയിരം. കാസർഗോട്ട് 342. ഇതെല്ലാം കൂടിയാണ് കൃത്യമായിട്ട് 6202. അതുകൊണ്ട് ഒരു നിയമം കൊണ്ടുവരുമ്പോൾ വ്യക്തമായ സ്റ്റാൻഡ് കേരളാ ഗവണ്മെന്റിനുണ്ട്. അതിൽ പറയുന്ന 11,000 ഏക്കറിനകത്തുവരുന്ന ആറായിരം കൃഷിക്കാരുടെ കൈവശം അവരുടെ ദേഹണ്ഡമുള്ള, വർഷങ്ങളായി അവരുടെ കൈവശമുള്ള ഈ ഭൂമി, അവരുടേത് മിച്ചഭൂമിയാണെന്ന് പറഞ്ഞ് ഒഴിഞ്ഞു കൊടുക്കേണ്ട സാഹചര്യത്തിൽ അവരെ രക്ഷിക്കാൻ വേണ്ടിയാണ്. ഇത് ഗവണ്മെന്റിന്റെ മിച്ചഭൂമിയൊന്നും നശിപ്പിക്കുന്നതൊന്നുമല്ല. ഇത് അവർ വിലകൊടുത്തു വാങ്ങിയ അവരുടെ വിയർപ്പുകൊണ്ട് വിളഭൂമിയാക്കി, 10-30 കൊല്ലക്കാലം കൈവശംവച്ചുകൊണ്ടിരുന്ന ഈ ഭൂമിയെ സംബന്ധിച്ചിടത്തോളം അവിടെ കണ്ണൂരിൽ കൃഷിക്കാരുടെ കൂടെ നിൽക്കുന്നു. നിയമസഭയിൽ എതിര് നിൽക്കുന്നു. എന്തൊരു രാഷ്ട്രീയ നിലാപാടാണ്. ഇത് പാർലമെന്ററി പ്രൊപ്രൈറ്ററിക്ക് ചേർന്നതല്ല. പ്രതിപക്ഷത്തിന്റെ നിലപാട് വളരെ അപഹാസ്യമായതാണ്. ശ്രീ. മത്തായി ചാക്കോ കുടിയേറ്റ കൃഷിക്കാരനാണ്. അദ്ദേഹം പറയുന്നത് 4 ഹെക്ടർ വേണ്ട എന്നാണ്. എനിക്ക് മനസ്സിലാകുന്നില്ല. കുടിയേറ്റ കൃഷിക്കാരനെ സംരക്ഷിക്കാനുള്ള നിയമ നിർമ്മാണം വേണം. അതിൽ അഭിമാനമുണ്ട്. കേരള നിയമസഭയുടെ ചരിത്രത്തിലെ സുവർണ്ണ അദ്ധ്യായമായി ഇതിനെ രേഖപ്പെടുത്തും. അതുകൊണ്ട് ഞങ്ങൾക്ക് സങ്കോചമില്ല, സന്തോഷമേയുള്ളൂ. കഴിഞ്ഞ 10 വർഷക്കാലമായി ഞാൻ ഈ ബില്ലിന് പുറകേയാണ്. ഓരോ പ്രാവശ്യവും വരും പോകും. ആ നിലയ്ക്ക് ഒരിക്കലും പാസ്സാകാതെ കിടന്ന നിയമനിർമ്മാണം ഉമ്മൻ ചാണ്ടി ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ പാസ്സാക്കാൻ കഴിയുന്നു എന്നുള്ളത് വളരെ സന്തോഷകരമായ ഒരു കാര്യമാണ്. അതുകൊണ്ട് ഈ ബില്ല് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly